ഉത്തരം

അതതു സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തിരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ ഗവൺമെൻറ് തലത്തിൽ നടപടിയാവശ്യമില്ല.

ചീക്കോത്ത് എൽ. പി. സ്ക്കൂളിനു കെട്ടിടം

945. [1386] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര വിദ്യാഭ്യാസ ജില്ലയിലെ ചീക്കോത്ത് എൽ. പി. സ്ക്കൂളിന് പുതുതായി അനുവദിച്ചു കിട്ടിയ കെട്ടിടത്തിന് ആസ്ബസ്റോസ് ഷീറ്റ് കിട്ടാത്തതിന്റെ പേരിൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ക്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ വേണ്ടി ആസ്ബസ്റോസ് ഷീറ്റ് അനുവദിച്ചു കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിവതും വേഗം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കല്ലായി ഗവൺമെൻറ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം പണി

946. [1387] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലായി ഗവൺമെൻറ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. സ്ഥലം കൈവശം കിട്ടിയാലുടൻ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ട്രൈബൽ ഹൈസ്ക്കൂൾ

947. [1388] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതൂർ ട്രൈബൽ ഹൈസ്ക്കൂളിൽ എത്ര വിദ്യാർത്ഥികളുണ്ട് ;

(ബി) ഹൈസ്ക്കൂൾ, പ്രൈമറി വിഭാഗങ്ങളിൽ എത്ര അദ്ധ്യാപകരുടെയും പ്യൂൺമാരുടെയും തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത് ;

(സി) 1986 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ എത്ര അദ്ധ്യാപകരും മറ്റു ജീവനക്കാരും ഉണ്ടായിരുന്നു ;

(ഡി) ഇവിടെ തമിഴ് മീഡിയത്തിൽ അദ്ധ്യാപകൻ നിലവിലുണ്ടോ ;

(ഇ) ഈ സ്ക്കൂളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ താൽക്കാലികമായെങ്കിലും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും അടിയന്തിരമായി നിയമിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly